## പി. രാമചന്ദ്രൻ നായർ ഡിഫൻസ് കമ്മിറ്റി അഭ്യർത്ഥന

സുഹൃത്തേ,

കമ്മ്യൂണിസ്റ്റ് നേതാവ് എ. വർഗ്ഗീസിനെ പോലീസ് പച്ചയ്ക്ക് വെടിവെച്ചു കൊന്ന്, പിന്നീട് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു എന്ന നുണകഥ ചമയ്ക്കുകയായിരുന്നുവെന്നും മേലധികാരികളുടെ നിർദ്ദേശാനുസരണം താനാണ് വർഗ്ഗീസിനെ വെടിവെച്ചതെന്നും ഏറ്റുപറഞ്ഞ റിട്ട. പോലീസ് കോൺസ്റ്റബിൾ പി. രാമചന്ദ്രൻ നായർ സംഭവം നിങ്ങൾ ഇതിനിടെ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. രാമചന്ദ്രൻ നായരുടെ ഏറ്റുപറച്ചിലിന് അടിസ്ഥാനമാക്കിയാണ് കേസ് തന്നെ ഉത്ഭവിച്ചതെങ്കിലും അദ്ദേഹത്തെ മാപ്പുസാക്ഷിയാക്കുന്നതിനു പകരം ഒന്നാം പ്രതിയാക്കുകയാണ് സി.ബി.ഐ. ചെയ്തത്. രാമചന്ദ്രൻ നായർ ചൂണ്ടിക്കാണിച്ച പ്രതികൾക്ക്, പോലീസ് ഓഫീസർമാരായ വിജയനും ലക്ഷ്മണയ്ക്കും ജാമ്യം അനുവദിച്ചതും എന്നാൽ രാമചന്ദ്രൻ നായർക്ക് ജാമ്യം നിഷേധിച്ച് ജയിലിൽ അടച്ചതും നമ്മൾ കണ്ടതാണ്. ഏതാനും ദിവസങ്ങൾക്കു ശേഷം ഹൈക്കോടതിയാണ് പിന്നീട് അദ്ദേഹത്തിന് ജാമ്യമനുവദിച്ചത്.

കൂടെ ആളും അർത്ഥവുമില്ല എന്ന ഒറ്റക്കാരണത്താൽ മനഃസാക്ഷിയുടെ വിളികേട്ട ഒരാൾ ശിക്ഷിക്കപ്പെടാൻ അനുവദിക്കപ്പെട്ടുകൂടാ. പ്രധാന പ്രതികൾ രക്ഷപ്പെടുകയും കുറ്റമേറ്റു പറഞ്ഞ് മലയാളിയുടെ മനഃസാക്ഷി ഉണർത്തിയ രാമചന്ദ്രൻ നായർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് സാംസ്കാരിക കേരളത്തിന് ആലോചിക്കുകകൂടി വയ്യെന്നും അതിനാൽ അദ്ദേഹത്തിന് നിയമപരവും സാമ്പത്തികവും ധാർമ്മികവുമായ പിന്തുണ നൽകണമെന്ന് എറണാകുളത്തു ചേർന്ന ഒരു സംഘം സാംസ്കാരിക മനുഷ്യാവകാശ പ്രവർത്തകർ ജനങ്ങളോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ മനുഷ്യാവകാശപ്രവർത്തകർ എറണാകുളം കെ.എസ്.ഇ.ബി. ഹാളിൽ ഒത്തുചേർന്ന് പി. രാമചന്ദ്രൻ നായരുടെ കേസ് നടത്തിപ്പിന് ആവശ്യമായ സഹായങ്ങൾ നൽകാൻ 35 അംഗ കമ്മറ്റിയെ തിരഞ്ഞെടുക്കുകയും അതിന്റെ ഭാരവാഹികളായ എ. വാസു ചെയർമാനായും കെ. വേണു, സിവിക് ചന്ദ്രൻ, ജേക്കബ് വി. ലാസർ എന്നിവരെ കൺവീനർമാരായും തിരഞ്ഞെടുത്തു.


ബാങ്ക് ഓഫ് ബറോഡ എറണാകുളം പള്ളിമുക്ക് ശാഖയിൽ എ. വാസു, ജേക്കബ് വി. ലാസർ, പി. രാമചന്ദ്രൻ നായർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടും തുറന്നിട്ടുണ്ട്. സുപ്രീം കോടതി വരെ എത്തിയേക്കാവുന്ന ഒരു സുദീർഘ വ്യവഹാരത്തിന് ഡിഫൻസ് കമ്മിറ്റി തയ്യാറെടുക്കണം. അതിന് വേണ്ടിവരുന്ന കനത്ത സാമ്പത്തിക ബാധ്യത നിങ്ങളുടെ അകമഴിഞ്ഞ സഹായം കൊണ്ടു മാത്രമേ ലഘൂകരിക്കാൻ കഴിയൂ. താങ്കളുടെ സംഭാവനകൾ പി. രാമചന്ദ്രൻ നായർ ഡിഫൻസ് കമ്മിറ്റി, 'സൂര്യഗാഥ', കെ.ഇ.ഡബ്ലിയു.എഫ്. ബിൽഡിങ്ങ്, ടി.ഡി. റോഡ്, കൊച്ചി - 35 അല്ലെങ്കിൽ ബാങ്ക് ഓഫ് ബറോഡ എം.ജി. റോഡ് പള്ളിമുക്ക് ശാഖയിൽ എസ്.ബി. അക്കൗണ്ട് നമ്പർ - 26357 ൽ അയച്ചുതരാൻ താൽപര്യപ്പെടുന്നു.

താങ്കളുടെ അകമഴിഞ്ഞ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**എ. വാസു** (ചെയർമാൻ),
**കൺവീനർമാർ : കെ. വേണു, സിവിക് ചന്ദ്രൻ, ജേക്കബ് വി. ലാസർ**

## അന്തർസംസ്ഥാന നദീജലക്കരാറുകൾ മന്ത്രി ടി.എം. ജേക്കബ് മാപ്പുപറയണം

ഫെബ്രുവരി 22-ാം തിയ്യതി തിരുവനന്തപുരത്തും 23-ാം തിയ്യതി ദില്ലിയിലും മന്ത്രി നടത്തിയ പ്രസ്താവനകൾ സ്വന്തം




അഭിപ്രായങ്ങളെ നിഷേധിക്കുന്ന തരത്തിലായിരിക്കുന്നു. 1994 ലെ നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ പറമ്പിക്കുളം - അലിയാർ കരാറിലെ വ്യവസ്ഥകളെ എതിർത്ത അദ്ദേഹം ഇപ്പോൾ പറയുന്നത് വ്യവസ്ഥകൾ മാറ്റാൻ സാധിക്കില്ല എന്നാണ്. ഷോളയാറിലേക്ക് വെള്ളം തരുന്ന കാര്യത്തിൽ നഗ്നമായ കരാർ ലംഘനം നടന്നതായി കെ.എസ്.ഇ.ബി. രേഖകൾ തന്നെ വ്യക്തമാക്കുന്നു !! കേരള നിയമസഭ ശബ്ദവോട്ടോടെ പ്രമേയം പാസ്സാക്കിയാൽ, വ്യവസ്ഥകൾ മാറ്റാൻ ഉള്ള ശ്രമങ്ങൾക്ക് ശക്തി കിട്ടും. ഇതിനുള്ള വഴികൾ എടുക്കാതെ, ഈ കൊടും വരൾച്ചയിൽ, നിരാഹാര സത്യാഗ്രഹമനുഷ്ഠിക്കുന്ന കർഷകരെ, പുച്ഛിക്കുന്ന മന്ത്രി, ഉടനെ മാപ്പു പറയണം.

എസ്. ഉണ്ണികൃഷ്ണൻ
'ചൈതന്യ'
പരിയാരം - 680 721

## മത്സ്യമാംസാദികളില്ലാത്ത ഈസ്റ്റർ


നമ്മുടെ സമൂഹത്തിന്റെ ഭക്ഷണസംസ്കാരത്തിലെ വൈകല്യങ്ങൾ തിരുത്തേണ്ടത് ഏറ്റവും അടിയന്തിരമായ ആവശ്യമാണ്. പ്രത്യേകിച്ചും നമ്മുടെ പൊതു ആഘോഷങ്ങളായ ക്രിസ്തുമസ്സും ഈസ്റ്ററും ലോകത്തിലെ ഏറ്റവും വലിയ ജീവഹത്യാ ദിനങ്ങളായി മാറിയിരിക്കുന്നത് തികച്ചും ലജ്ജാവഹം തന്നെയാണ്. അതുകൊണ്ട് ഈ വരുന്ന ഈസ്റ്റർ ജീവൻ ദയാവേദിയുടെ ആഭിമുഖ്യത്തിൽ പുതുമകളോടെ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

മത്സ്യമാംസാദികൾ കൂടാതെ തന്നെ ക്രിസ്തുമസ്സും ഈസ്റ്ററും ആനന്ദം നൽകുന്ന വേളകളാക്കുവാൻ നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു. ഈ വർഷം പൊതുവായി നമ്മൾ അതു ചെയ്യുമ്പോൾ ക്രൈസ്തവ ലോകത്തുതന്നെ ആദ്യത്തെ സംരംഭമായിരിക്കും. ഈ ശ്രമത്തിന്റെ വിജയം താങ്കൾ സകുടുംബം ഇതിൽ പങ്കെടുത്താൽ മാത്രമേ ഉണ്ടാവുകയുള്ളൂ.

വിലാസം: റവ. എ.സി. തോമാസ്, മാർത്തോമാ സെമിനാരി, പി.ബി.287, കോട്ടയം-1. ഫോൺ : 0481-2580828.

# ആനകളിൽ വിദേശികളെത്തി നടത്തുന്ന ഗവേഷണം : പൂർണ്ണ വിവരങ്ങൾ പൊതജനങ്ങൾക്ക് നൽകണം

മണ്ണുത്തിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്ററിനറി ആന്റ് എനിമൽ സയൻസ് (ഇവാസ്) കേന്ദ്രീകരിച്ച് വർഷങ്ങളായി നടത്തുന്ന ആനഗവേഷണം സംബന്ധിച്ച് വിശദവിവരങ്ങൾ ഉടൻ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഇവാസിലെ ഡീനിന് ആനപ്രേമി സംഘം നിവേദനം സമർപ്പിച്ചു. ഇവാസിലെ ആനപഠനകേന്ദ്രത്തിൽ വിദേശികൾ സെമിനാറുകൾക്കു മാത്രമായി എത്തുന്ന അവസരങ്ങളിലാണ് ആനകളെ പ്രവേശിപ്പിക്കുന്നത് കാണുന്നത്. നാട്ടിൽ അനധികൃത ആനകടത്തുകേന്ദ്രങ്ങളിലെ പീഡനമേറ്റ് ആനകൾ ചത്തൊടുങ്ങുമ്പോഴൊന്നും ആനപഠനകേന്ദ്രത്തിലെ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി ആനകളെ പരിശോധിക്കുകയോ പീഡനത്തിനെതിരെ പ്രതികരിക്കുകയോ ചെയ്യാതെ വിദേശികളുടെ മുമ്പിൽ വെച്ചുമാത്രം ആനഗവേഷണം നടത്തുന്ന പതിവ് ആവർത്തിക്കുന്നതിൽ പന്തികേടുണ്ടെന്നും നിവേദനത്തിൽ ചൂണ്ടികാണിച്ചിട്ടുണ്ട്. 5 വർഷമായി ഇവാസിലെത്തുന്ന വിദേശ ഗജശാസ്ത്രജ്ഞർ നിരവധി ആനകളുടെ ശരീരത്തിനകത്തെ ക്ഷതങ്ങൾ പരിശോധിക്കുവാനായി അൾട്രാ



സൗണ്ട് ഉപകരണങ്ങൾ ഉപയോഗിച്ച് നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ആ ആനകൾ ഇപ്പോൾ എവിടെയാണ് ഉള്ള വസ്തുത പൊതുജനങ്ങൾക്ക് അറിയാത്ത ദുഃസ്ഥിതി നിലവിലുണ്ട്. ആനകളെ പരിരക്ഷിക്കുവാനായിട്ടും ആനകളിലെ രോഗനിർണ്ണയത്തിനായിട്ടും എന്തൊക്കെ സാങ്കേതിക സംവിധാനങ്ങൾ ഇവാസിൽ ഉണ്ടെന്ന്, എന്തൊക്കെ പുതിയ സംവിധാനങ്ങൾ അവിടെ ഏർപ്പെടുത്തുവാൻ പദ്ധതിയുണ്ടെന്നും കേന്ദ്രത്തിന്റെ മേധാവികൾ ഇതുവരെ പുറംലോകത്തെ അറിയിച്ചിട്ടില്ല. ഇതിനുമുമ്പ് അവിടെ ഏതൊക്കെ ആനകളെ രോഗനിർണ്ണയത്തിനായോ ചികിത്സക്കായോ എത്തിച്ചിട്ടുണ്ടെന്നും അവ ഇപ്പോൾ എവിടെയാണെന്നും ഉള്ള വസ്തുത ഇപ്പോഴും രഹസ്യമായിരിക്കുകയാണ്. നാട്ടാനകളെ ഇവാസിൽ പരിശോധനക്കായി എത്തിക്കുവാൻ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്നും പൊതുജനങ്ങൾക്ക് അറിയുകയില്ല. വിദേശങ്ങളിൽനിന്ന് ഇവിടെ എത്തി എത്ര ആനകളെ ആനശാസ്ത്രജ്ഞർ നിരീക്ഷണങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ടെന്നും അത്തരം ആനകൾക്ക് എന്തൊക്കെ അസുഖങ്ങൾ ഉണ്ടെന്നും അതിന് എന്തു ചികിത്സയാണ് നൽകുന്നതെന്നും ഇതുവരെ പുറത്തുവിട്ടിട്ടില്ല. കേരളത്തിൽ പൊതുവേയും തൃശ്ശൂരിൽ പ്രത്യേകിച്ചും ഏതൊക്കെ നാട്ടാനകളും കാട്ടാനകളും ചത്തിട്ട് അവയുടെ പോസ്റ്റുമാർട്ടം, ഫോറൻസിക് ടെസ്റ്റ് എന്നിവയ്ക്കായി ഇവാസിലെ ഡോക്ടർമാർ സാമ്പിളുകൾ എടുത്തിട്ടുണ്ടെന്നുള്ളതും, അവയിൽ എത്രയെണ്ണത്തിൽ ലബോറട്ടറി ടെസ്റ്റ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടെന്നുള്ളതും എത്രയെണ്ണത്തിൽ റിപ്പോർട്ടുകൾ ലഭിക്കാനുണ്ടെന്നുള്ളതും സംബന്ധിച്ച വിശദവിവരവും അധികൃതർ പുറത്തുവിടേണ്ടതുണ്ട്. ഇവാസിൽ മുമ്പ് നിലവിലുണ്ടായിരുന്ന മയക്കുവെടി സ്കാഡിനായി 3 വിദേശനിർമ്മിത മയക്കുവെടിതോക്കുകൾ ഇപ്പോൾ ഇവാസിൽ ഇല്ലാത്തത് സംബന്ധിച്ചും ആ മയക്കുവെടിതോക്കുകൾ ഉപയോഗിച്ചിരുന്നത് സംബന്ധിച്ചും മയക്കുമരുന്ന് ഉപയോഗിച്ച വകയിൽ ഇവാസിന് ന്യായമായി ലഭ്യമാകേണ്ട തുക ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും, ഇന്ന് ഇവാസിൽ മയക്കുവെടിസ്ക്വാഡ് നിലവിലില്ലാത്തതു സംബന്ധിച്ച് അധികൃതർ പൊതുജനമദ്ധ്യേ വിശദീകരണം നൽകണമെന്നും ആനപ്രേമിസംഘം നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

വി.കെ. വെങ്കിടാചലം, ആനപ്രേമി സംഘം, TC. 35/571, കുന്നത്ത് ലെയിൻ, തൃശൂർ - 680 001. ഫോൺ: 2331899



## നിലാവറിയുന്നു

സുഹൃത്തേ,

കലശമലക്കുന്നിലേയും കുഞ്ഞാലിപ്പാറയിലേയും ഭാരതപ്പുഴയിലേയും നിലാവറിയലുകൾക്ക് ശേഷം ഇത്തവണ നമുക്ക് മൂർക്കാട്ടുപാറയിൽ ഒത്തുചേരാം. കോൾപാടത്തെ മീന നിലാവുകാണാം, സൗഹൃദങ്ങൾ പുതുക്കാം, കഥയും കവിതയും പാട്ടും കളികളും അനുഭവങ്ങളും പങ്കിടാം. നാഗരികമായ പരിക്കുകൾ ഏറെയൊന്നു മേൽക്കാത്ത ഒരു കാർഷികഗ്രാമത്തിന്റെ ഉള്ളറിയാം. വരമ്പുമുറിയനും കല്ലുരുട്ടിയും പെയ്തിരുന്ന, എൺപതും നൂറും മേനി വിളഞ്ഞിരുന്ന, കാളപ്പൂട്ടും കൊയ്ത്തുപാട്ടും ചക്രം ചവിട്ടുമൊക്കെയായി സജീവമായിരുന്ന ഒരു കാലത്തെ ഓർത്തെടുക്കാം. ഈ വരുന്ന മീനം 23 (ഏപ്രിൽ 5) നാണ് പൗർണ്ണമി. വീട്ടുകാരോടും കൂട്ടുകാരോടുമൊത്ത് ഇത്തവണയും താങ്കൾ നേരത്തെയെത്തണം. വരുന്ന വിവരം മുൻകൂട്ടി അറിയിച്ചാൽ നന്നായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്

നിലാവ്, C/o. പി.ബി. നമ്പർ 100, തൃശൂർ-1

വി.എം. ഗിരിജ-0484-2424322, സി. രാജഗോപാൽ-0466-2238411, ഉണ്ണികോട്ടക്കൽ-9846061196, പോൾസൺ-9447049181, 0487-2309866, പ്രമോദ്-0488-5281650, കേരളീയം 0487-2421385.

---

തൃശൂർ-അടാട്ട് റൂട്ടിൽ പുറനാട്ടുകര മരതകം സ്റ്റോപ്പിൽ ബസ്സിറങ്ങി ഒരു കിലോമീറ്ററോളം നടന്നാൽ മൂർക്കാട്ടു പാറയിലെത്താം.

# ബദൽ അന്വേഷണം

2004 ഏപ്രിൽ 17, 18, 19 തീയതികളിൽ 'സാരംഗി'ൽ വച്ച് ഒരു കൂടിച്ചേരൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ബദലന്വേഷണരംഗത്തു പ്രവർത്തിക്കുന്നവർ, അതിനോട് ആഭിമുഖ്യം പുലർത്തുന്നവർ, സാരംഗിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ, ഇനിയും ഈ രംഗത്തേക്കു വരാൻ ഒകാതിക്കുന്നവർ ഒക്കെ ഈ സംഗമത്തിലുണ്ടാവണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു.

ഏതാണ്ട് കാൽ നൂറ്റാണ്ടോളമായി നമ്മളെല്ലാം ഒരു ബദൽ വികസനത്തിനുവേണ്ടി പരിശ്രമിക്കുകയാണല്ലോ. സാമ്പത്തികമാണു മുഖ്യവിഷയമെന്നു തോന്നുന്നുണ്ടെങ്കിലും നമ്മുടെ പരസ്പര സഹകരണമില്ലായ്മയാണ് കാരണമെന്നു തോന്നുന്നുണ്ടെങ്കിലും ഭൂരിപക്ഷം വരുന്ന സാധാരണക്കാർ നമ്മോടുകൂടെയില്ലെന്ന സത്യം അത്ര ചെറുതായൊരു കാരണമാണോ? സാധാരണക്കാർക്കു നമ്മൾ പറയുന്ന കാര്യങ്ങൾ മനസ്സിലായിട്ടുണ്ടോ? അവരുടെയിടയിലേക്ക് ഈ വിഷയങ്ങൾ സജീവമായ ചർച്ചയ്ക്കു വന്നിട്ടുണ്ടോ? അവരെക്കൂടാതെ ഇവിടെയൊരു മാറ്റം സാദ്ധ്യമാകുമോ?

നമ്മുടെ സംഗമത്തിന് പ്രത്യേകമായ അജണ്ടകൾ വയ്ക്കുന്നില്ലെങ്കിലും ആശയപ്രചാരണരംഗത്ത് വളരെയേറെ ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു കർമ്മപദ്ധതി എത്രയും പെട്ടെന്ന് ഉണ്ടാക്കിയെടുക്കണമെന്ന ഞങ്ങളുടെ ആഗ്രഹം ഇവിടെ സൂചിപ്പിക്കട്ടെ. കൂടാതെ ഇനിയും മുന്നോട്ടു കുതിക്കാനുള്ള മറ്റു പദ്ധതികളെക്കുറിച്ചെല്ലാം നമുക്കാലോചിക്കുകയുമാവാം. നമ്മൾ ഒരു സൈദ്ധാന്തിക ചർച്ചയ്ക്കൊരുങ്ങുകയല്ല. മറിച്ച് ഒരു പ്രവർത്തന വഴിയിലേക്കിറങ്ങുകയാണ്.

അട്ടപ്പാടിയിൽ കടുത്ത വരൾച്ചയാണ്. കഴിഞ്ഞ നാലുകൊല്ലമായി മഴ പേരിനു മാത്രം പെയ്യുന്നു. ഉറവകളെല്ലാം വറ്റി. പുഴകൾ നേർത്തൊഴുകുന്നു. പേടിപ്പെടുത്തുന്ന, ചുട്ടുപൊള്ളിക്കുന്ന ഈ യാഥാർത്ഥ്യം എല്ലാവരും മുന്നിൽക്കാണണം. കേരളമാകെ ഈയൊരവസ്ഥ വരാൻ പോവുകയാണ്.

ഏപ്രിൽ 17-ാം തീയതി വൈകിട്ട് പരിപാടി തുടങ്ങുന്നു. 18-ാം തീയതി പകലും രാത്രിയും പരമാവധി ഉപയോഗപ്പെടുത്തി 19-ാം തീയതി രാവിലെ പിരിയുന്നു. അത്തരത്തിലുള്ളൊരു തയ്യാറെടുപ്പ് എല്ലാ ഭാഗത്തുനിന്നുമുണ്ടാവണേ. ആകെ വരുന്ന ചെലവ് എല്ലാവരും ചേർന്ന് വീതിച്ചെടുക്കണം. ആഹാരം, താമസം, മറ്റു ചെലവുകളെല്ലാം ചേർന്ന് ആളോഹരി 200 രൂപയെങ്കിലും വരുമെന്നാണ് ഏകദേശ കണക്ക്. അതിൽ പകുതി പണം മുൻകൂറയച്ചുതരികയും പങ്കാളിത്തം ഉറപ്പാക്കുകയും വേണം. കാരണം ഞങ്ങളുടെ കൈയിൽ പണമൊന്നുമില്ല. മാർച്ച് 31-നകം ഇത്തരത്തിൽ പങ്കാളിത്തമുറപ്പാക്കുന്നവർക്കുള്ള താമസസൗകര്യം, ഭക്ഷണം എന്നിവ മുൻകൂട്ടി തയ്യാറാക്കാമെന്നും കരുതുന്നു. പുകവലി, മുറുക്ക്, മദ്യപാനം എന്നിവ നമുക്കിടയിലുണ്ടാവുകയില്ലെന്നും കരുതുന്നു. പരിപാടിയിൽ ആദ്യാവസാനം പങ്കെടുക്കണേ.

എല്ലാവരെയും അറിയിക്കണമെന്നൊക്കെ വിചാരിക്കുന്നു. ഞങ്ങളുടെ ഓർമ്മത്തെറ്റുകൊണ്ടു വന്നുപോയേക്കാവുന്ന ഒരു വീഴ്ചയെ ഞങ്ങൾ പേടിക്കുന്നുണ്ട്. എങ്കിലും ഞങ്ങൾ നേരിട്ടു ക്ഷണിക്കാത്തതുകൊണ്ടു വരുന്നില്ല എന്നൊന്നും വാശി പിടിക്കരുതേ. അറിഞ്ഞുകഴിഞ്ഞാൽ വരിക, മാത്രമല്ല, ഇത്തരമൊരു പരിപാടിയിൽ നിശ്ചയമായും പങ്കെടുക്കേണ്ടതാണെന്നു താങ്കൾക്കു തോന്നുന്നവരെക്കൂടി പങ്കെടുപ്പിക്കുക. ഒരു നല്ല സംഗമവും ഒരു നല്ല കർമ്മപദ്ധതിയും പ്രതീക്ഷിച്ചുകൊണ്ട്, നമ്മൾ പരസ്പരം ഊർജ്ജം പകർന്ന് കൂടുതൽ ശക്തിയോടെ മുന്നോട്ടുപോകുമെന്ന പ്രതീക്ഷയിൽ.

ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും,' 'സാരംഗ്', അഗളി, ചിറ്റൂർ പി.ഒ., പാലക്കാട്-678 581.
ഫോൺ : 04924 254552




## ജൈവ കർഷകസംഗമം മുഹമ്മയിൽ

കേരള ജൈവ കർഷക സമിതിയുടെ 12-ാമത് സംസ്ഥാനതല വാർഷിക സംഗമം മെയ് 21-24 ആലപ്പുഴ മുഹമ്മയിൽ. ബന്ധപ്പെടുക : ബി. രാധാകൃഷ്ണൻ, 0478-2863667

# 'ഒരേ ഭൂമി ഒരേ ജീവൻ' ലീഗൽ സെൽ

ജീവന്റെ നിലനില്പിനായി പ്രയത്നിക്കുന്ന സംഘടനയാണ് "ഒരേ ഭൂമി ഒരേ ജീവൻ". ജൈവകൃഷി, പരിസ്ഥിതി അവബോധമേഖലകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച്, പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന വിഷയങ്ങളിൽ നിയമപരമായി ഇടപെടുന്നതിന് ഒരേ ഭൂമി ഒരേ ജീവന്റെ "ലീഗൽ സെൽ" രൂപീകരിക്കുകയുണ്ടായി.

ഒട്ടേറെ അടിയന്തിര വിഷയങ്ങൾ ഉന്നതതലങ്ങളിൽ പരാതിപ്പെട്ടതു കൊണ്ടും ഫലമുണ്ടാകാത്തതിനാൽ വിവിധ കോടതികളെ സമീപിക്കുകയും ഒട്ടേറെ വിനാശങ്ങൾക്ക് തടയിടാനും ലീഗൽ സെല്ലിനു കഴിഞ്ഞിട്ടുണ്ട്. അവയുടെ സംഗ്രഹം താഴെ ചേർക്കുന്നു.

1. തെങ്ങിന്റെ മണ്ഡരിക്ക് ഡൈക്കോഫോൾ അടിക്കുന്നതിനെതിരെ, 2. കാഞ്ഞിരപ്പുഴ ഡാമിനുവേണ്ടി കുടിയൊഴിപ്പിച്ച ആദിവാസികളെ പുനരധിവസിപ്പിക്കൽ, 3. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി., 4. ഭവാനിപ്പുഴ സംരക്ഷണം, 5. മതികെട്ടാൻ മല കയ്യേറ്റത്തിനെതിരെ, 6. ചന്ദനം കേസ്, 7. 1971-ലെ വനദേശസാൽക്കരണ നിയമത്തിലെ Sec. 3(2), 3(3) പഴുതുകൾ വഴി വനങ്ങൾ നഷ്ടപ്പെട്ടതിനെതിരെ.

ഇനിയും ഒട്ടേറെ വിഷയങ്ങളിൽ ഈ യുദ്ധം തുടരേണ്ടതുണ്ട്. സാമ്പത്തികക്കുറവുമൂലം പ്രാധാന്യമുള്ള ഒരു വിഷയവും കോടതികളുടെ മുമ്പിൽ എത്താതിരിക്കരുത് എന്നതിനാൽ ഒരു ലീഗൽ ഫണ്ട് സ്വരൂപിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ.

നിലനില്പിനെക്കുറിച്ച് മനസ്സിൽ ആശങ്കയുള്ള എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ചെറിയ സംഖ്യ കാലാകാലങ്ങളിൽ ഇതിനായി നൽകാൻ താങ്കൾക്കാവും എന്ന് പ്രതീക്ഷിക്കുന്നു.

ലീഗൽ സെൽ ബാങ്ക് അക്കൗണ്ട് നമ്പർ
Account No. 01100050168
State Bank of India, Pottassery P.O.
Pin: 678 598, Kanhirapuzha, Palakkad Dt.
ബാങ്ക് കോഡ് നമ്പർ :- Pottassery - 8664

നേരിട്ട് അയയ്ക്കുന്നതിന്
ടോണി തോമസ്, ഡയറക്ടർ-ലീഗൽ സെൽ, കിഴക്കേക്കര, ഇരുമ്പകച്ചോല, കാഞ്ഞിരപ്പുഴ, പാലക്കാട്-678 591, ഫോൺ: 04924-238253,
tonythomas@sancharnet.in

# ചിന്തയും ജനതയും–കേരളീയ ചിന്തകളെക്കുറിച്ചുള്ള അന്വേഷണ പരിപാടി

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ തത്വചിന്താവിഭാഗം, മേൽ പ്രസ്ഥാവിച്ച അന്വേഷണ വിഷയത്തിൽ താല്പര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ നടത്തുവാൻ ഉദ്ദേശിക്കുന്ന ആശയസംവാദപരിപാടികളുടെ ആദ്യഘട്ടമെന്ന നിലയിൽ 2004 ആഗസ്ത് മാസത്തിൽ ഒരു ദ്വിദിന ശില്പശാല സംഘടിപ്പിക്കുന്നു. ശില്പശാലയിലെ ചർച്ചകൾക്ക് സഹായകമായി പങ്കെടുക്കുന്നവർക്കിടയിൽ മുൻകൂട്ടി വിതരണം ചെയ്യുവാനുള്ള ഒരു ലഘുകുറിപ്പ് (രണ്ട് പുറങ്ങളിൽ കവിയാതെ) മെയ് 30-ന് മുൻപായി എഴുതി അയച്ചുതരുവാൻ ഇതിൽ താല്പര്യമുള്ള ഏവരോടും അഭ്യർത്ഥിക്കുന്നു.

ദേശീയ സംസ്കാരത്തെയും അതിനെ രൂപപ്പെടുത്തുന്ന ഭൂദേശ-പാരിസ്ഥിതിക ഘടനകളെയും താറുമാറാക്കുകയോ അപ്രസക്തമാക്കുകയോ ചെയ്യുന്ന സാമൂഹിക-സാമ്പത്തിക-സാംസ്കാരിക പ്രക്രിയകളും ലോകവീക്ഷണവും ശക്തിപ്പെട്ടുവരുന്ന സാഹചര്യമാണ് ഇന്ന് എല്ലായിടത്തും പ്രാബല്യത്തിലുള്ളത്. ഒരുപക്ഷേ, അത്തരമൊരു ചിന്താധാരയുടെ ദീർഘകാല ഭവിഷ്യത്തുകളെക്കുറിച്ചുള്ള ഉത്കണ്ഠകളിൽ നിന്നാണ് ചിന്തയും ജനതയും തമ്മിലുള്ള ജൈവബന്ധത്തിന്റെ സാംഗത്യം എത്രത്തോളമെന്ന് മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള ഈ ശ്രമം നടത്തുന്നത്.

സമകാലിക കേരളസമൂഹം അഭിമുഖീകരിക്കുന്ന സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങളോട് ബൗദ്ധികമേഖലകൾ പൊതുവിൽ അവലംബിച്ചുവരുന്ന സമീപനങ്ങളും കാഴ്ചപ്പാടുകളും എത്രത്തോളം പര്യാപ്തമായതും ക്രിയാത്മകവുമാണ് ? അങ്ങിനെയല്ലെങ്കിൽ എന്തുകൊണ്ട് ? ഏതെങ്കിലും ചിന്താധാരകൾ അങ്ങിനെയുണ്ടോ ? സൈദ്ധാന്തികമായ മുൻവിധികളോ തീരുമാനങ്ങളോ ഇല്ലാതെ, വൈകാരിക സമീപനങ്ങളില്ലാതെ കേരളത്തിലെ ബൗദ്ധിക വ്യാപാരങ്ങളെ രൂപപ്പെടുത്തുന്ന ചിന്താപ്രവണതകളെ മനസ്സിലാക്കുന്നതിനു വേണ്ടി കൂട്ടായതുമായ ഒരു സംവാദം വികസിപ്പിക്കാനുള്ള ശ്രമം നടത്താനാണ് ഈ അന്വേഷണ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

കേരളത്തിലെ രാഷ്ട്രീയ-സാംസ്കാരിക നേതൃത്വത്തിനവലംബമായി വർത്തിക്കുന്ന സാമൂഹ്യചിന്തകൾ, ആത്മീയ വിചാരങ്ങൾ, വിദ്യാഭ്യാസ ചിന്തകൾ, ശാസ്ത്ര-സാങ്കേതിക സമീപനങ്ങൾ, വികസന സങ്കല്പങ്ങൾ, കലാചിന്തകൾ, ഭാഷാ സമീപനങ്ങൾ എന്നിവയാണവ. ഈ മേഖലകളിലെ പ്രശ്നങ്ങളുടെ വസ്തുതാപരമായ വിശദാംശങ്ങളുടെ അവതരണമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ഓരോ വിഷയത്തിന്റെയും വ്യത്യസ്ത തലങ്ങളിൽ സ്വാധീനത്തിലിരിക്കുന്ന ചിന്താധാരകളുടെ, ആശയലോകത്തിന്റെ സവിശേഷതകളിലേക്കാണ് അന്വേഷണം പോകേണ്ടത്. ചിന്താപ്രകൃതത്തെ സമർത്ഥിക്കുന്നതിനാവശ്യമായ വസ്തുതാവിവരങ്ങൾ മാത്രമേ ഇവിടെ പ്രസക്തമാവുകയുള്ളു.

കേരളത്തിന്റെ ഭൗതികമണ്ഡലത്തെക്കുറിച്ച് ഗൗരവമായ ആലോചനകളിൽ ഏർപ്പെട്ടുകൊണ്ട് പ്രവർത്തിക്കുന്ന വൈജ്ഞാനിക ഗവേഷകർ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിലെ പൊതുപ്രവർത്തകർ, കലാകാരന്മാർ, എഴുത്തുകാർ, വിദ്യാഭ്യാസ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ, ആദ്ധ്യാത്മിക ചിന്തകർ തുടങ്ങിയവർ തമ്മിലുള്ള ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അന്വേഷണം വികസിപ്പിക്കാനുദ്ദേശിക്കുന്നത്. ഇതിന്റെ നടത്തിപ്പിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ പ്രത്യേകം ബന്ധപ്പെടാൻ താല്പര്യപ്പെടുന്നു.

പി.കെ. ശശിധരൻ, മുഖ്യ സംഘാടകൻ, കേരളീയ ചിന്താ ശില്പശാല, തത്വചിന്താ വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം - 683 574

## ജനകീയ പ്രസ്ഥാനങ്ങളുടെ സഖ്യം

2004 ഫെബ്രുവരി 14 ന് ന്യൂഡൽഹിയിൽ വച്ച് ചേർന്ന ലോക്സഭ ഇലക്ഷൻ നയരൂപീകരണ/പ്രകടന പത്രിക കമ്മിറ്റി യോഗത്തെ തുടർന്ന് രാജ്യത്ത് കോൺഗ്രസ്സ് മുന്നണിക്കും ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. യ്ക്കും എതിരെ ജനകീയ പ്രസ്ഥാനങ്ങളുടെ മുൻകൈയിൽ പീപ്പിൾസ് പോളിറ്റിക്കൽ ഫ്രണ്ട് (പി.പി.എഫ്.) രൂപം കൊണ്ടിട്ടുണ്ട്. ലോക്സഭ ഇലക്ഷൻ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ എൻ.എ.പി.എം. അംഗ സംഘടനകളുടെയും കൺവീനർമാരുടെയും അനുഭാവികളുടെയും ഒരു സംയുക്തയോഗം 2004 മാർച്ച് 28ന് 11 മണിക്ക് എറണാകുളം പബ്ലിക് ലൈബ്രറിക്കടുത്തുള്ള കെ.ഇ.ഡബ്ല്യു.എഫ്. ഹാളിൽ ചേരുന്നു. യോഗത്തിലേക്ക് താങ്കളെ ആദരപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

സുരേഷ് ജോർജ്ജ്, കോഡിനേറ്റർ, എൻ.എ.പി.എം., V/305, പിറവം - 686 664


## ഏതാനും കോപ്പികൾകൂടി...



**കേരളീയം ആരോഗ്യപതിപ്പ്**

**പേജ് : 64.00, വില 20.00 രൂപ**

**എം. ഒ./തപാൽ സ്റ്റാമ്പ് അയയയ്ക്കുക.**

**കേരളീയം, തൃശൂർ – 21**


## മാതൃത്വത്തിന്റെ പൊരുൾ

**ഡോ. രാജ്കുമാരി ഉണ്ണിത്താൻ**

സഹകരണ ആശുപത്രിയുടെ ജനകീയാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥം ഡോക്ടർ രാജ്കുമാരി ഉണ്ണിത്താന്റെ **'മാതൃത്വത്തിന്റെ പൊരുൾ'** ആണ്. ഗർഭധാരണം, മാതൃത്വം എന്നീ ജൈവ പ്രവർത്തനങ്ങൾ വെറും രോഗവും ചികിത്സയും വ്യാപാരവുമായി മാറുന്ന ഇക്കാലത്ത്, ഈ വിഷയങ്ങൾ സംബന്ധിച്ചുള്ള ശാസ്ത്രീയ വിവരങ്ങൾ ഏറ്റവും ലളിതമായി നൽകുന്ന ഈ ഗ്രന്ഥം വളരെ പ്രസക്തമാണെന്ന് ഞങ്ങൾ കരുതുന്നു. 1980 മുതൽ ഡോക്ടർ രാജ്കുമാരി എഴുതി പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. പേജ് : 266, വില : 135.00.

ബന്ധപ്പെടുക - സെക്രട്ടറി, തൃക്കാക്കര പഞ്ചായത്ത് സഹകരണ ആശുപത്രി, കാക്കനാട്, കൊച്ചി - 30